c) സാമാന്തരീകം d) ചതുർഭുജം

7) 


PQ, RS എന്നീ സമാന്തര വരകളെ MN മുറിക്കുന്നതാണ് ചിത്രത്തിൽ കാണിച്ചിട്ടുള്ളത്.

താഴെപറയുന്ന മറുകോൺ ജോഡി ഏതാണ് ?

a) ∠NAP, ∠NAQ   b) ∠NAP, ∠QAM

c) ∠PAM, ∠NBS   d) ∠PAM, ∠RBN

8) താഴെപറയുന്ന പ്രസ്താവനകളിൽ തെറ്റേത് ?

a) ഒരു ത്രികോണത്തിന്റെ കോൺ അളവുകൾ കൂട്ടിയാൽ എപ്പോഴും $180^0$ കിട്ടും.

b) ഒരു സാമാന്തരികത്തിന്റെ അടുത്തടുത്ത രണ്ട് കോണുകൾ സമാനകോണുകൾ ആയിരിക്കും

c) എതിർ കോണുകൾ തുല്ല്യമായിരിക്കും

d) ഒരു ജോഡി സഹകോണുകളുടെ തുക 180 ആയിരിക്കും.

9) 


ചിത്രത്തിൽ ചോദ്യചിഹ്നം ഇട്ട ഭാഗത്തെ കോണളവ് എത്ര?

a) 105   b) 75

c) $255^0$   d) 130

10) 


MN, OP എന്നിവ സമാന്തര വരകളാണ്. ചിത്രം നിരീക്ഷിച്ച് ശരിയായ ജോഡി തിരഞ്ഞെടുത്തെഴുതുക.

a) ∠MNO = ∠NMP

b) ∠MPO = ∠NOP

c) $\angle MQN = \angle PQO$

d) ∠NMP = ∠PON

11) 


ചിത്രത്തിൽ AB, PQ എന്നിവ സമാന്തരവരകൾ

$\angle A = 40^0$, $\angle C$ യുടെ അളവെത്ര?

a) $40^0$   b) $50^0$   c) $60^0$   d) $90^0$

12) താഴെ പറയുന്ന വാക്യത്തിന്റെ ബീജഗണിത രൂപം തിരഞ്ഞെടുത്തെഴുതുക

"ഒരു സംഖ്യയും അതിൽ നിന്ന് 5 കുറച്ച സംഖ്യയും തമ്മിൽ കൂട്ടുക".

a) $x+x+5$   b) $x-x+5$

c) $x-5+x$   d) $x-5-x$

13) ഒരു ഇൻസ്ട്രുമെന്റ് ബോക്സിനും പേനയ്ക്കും കൂടി 100 രൂപയാണ് വില. രണ്ടിന്റെയും വിലകളുടെ വ്യത്യാസം 60 രൂപ. പേനയുടെ വില എത്ര?

a) 90 രൂപ   b) 25 രൂപ

c) 60 രൂപ   d) 20 രൂപ

14) $\left(15x3\frac{1}{3}\right)-\left(15x2\frac{1}{3}\right)$ = ..........

a) 15   b) 30   c) 5   d) 45

15) സ്കൂളിൽ നിന്ന് വിവിധ ഗെയിം ഇനങ്ങൾക്കായി തിരഞ്ഞെടുക്കപ്പെട്ടവർ $x$ എണ്ണം ആണ്. അതിൽ $y$ എണ്ണം കുട്ടികൾ ഫുട്ട്ബോളിലും $z$ എണ്ണം ക്രിക്കറ്റിലും $p$ എണ്ണം ഹോക്കിയിലും പരിശീലനം നേടുന്നവരാണ്. ബാക്കി കുട്ടികൾ വോളിബോൾ കളിക്കാരുമാണ്.

വോളിബോൾ കളിക്കാരുടെ എണ്ണം താഴെ പറയുന്നതിൽ ഏതാണ് ?

a) $x$-y+z-p   b) $x-(y-z-p)$

c) $x-(y+z+p)$   d) $x-y-(z+p)$

16) രണ്ടു സംഖ്യകളുടെ തുകയും വ്യത്യാസവും തമ്മിൽ കൂട്ടിയപ്പോൾ 100 കിട്ടി. എങ്കിൽ താഴെപറയുന്നവയിൽ ശരി ഏത്?

a) ഒരു സംഖ്യ 100 ആയിരിക്കും

b) സംഖ്യ കണ്ടെത്താൻ കഴിയില്ല

c) ഒരു സംഖ്യ 50 ആയിരിക്കും

d) സംഖ്യ യഥാക്രമം 50, 20 ആയിരിക്കും.

17) $1x10^2+5+3x\frac{1}{10^3}$ എന്ന സംഖ്യയെ ദശാംശ രൂപത്തിലെഴുതിയാൽ ലഭിക്കുന്ന സംഖ്യ

a) 150.300   b) 105.030

c) 105.003   d) 150.030

18) $15^3$ = 3375 ആയാൽ $(0.15)^3$ എത്രയാണ് ?

a) 0.3375   b) 3.375

c) 0.03375   d) 0.003375

19) $5^{12}+5^{12}+5^{12}+5^{12}+5^{12}$ = ?

a) $5^{24}$   b) $10^{12}$   c) $25^{12}$   d) $5^{13}$

20) $3^{15}$ ന്റെ $\frac{1}{3}$ ഭാഗം എത്ര ?

a) $3^{14}$ b) $3^{5}$ c) $1^{15}$ d) $3^{10}$

21) $10^{8}$ x .................. = $10^{4}$

a) $10^{4}$ b) $10^{2}$ c) $\frac{1}{10^{4}}$ d) $\frac{1}{10^{2}}$

22) $\left[\left(\frac{1}{3}\right)^{2}\right]^{5} \times \left(\frac{1}{3}\right)^{4}$ ലഘുകരിച്ചാൽ $\frac{1}{3}$ ന്റെ കൃതി ?

a) 11 b) 40 c) 10 d) 14

23) 12cm നീളവും 8cm വീതിയുമുള്ള ചതുരത്തിന്റെ ഒരു മൂലയിൽ നിന്നും 6cm, 4cm വശങ്ങളുടെ (ചെറിയ വശങ്ങൾ) ഒരു ത്രികോണം മുറിച്ചു മാറ്റി. ശേഷിക്കുന്ന ഭാഗത്തിന്റെ പരപ്പളവ് എത്ര?

a) $96cm^{2}$ b) $48cm^{2}$ c) $72cm^{2}$ d) $84cm^{2}$

24) 


ചതുരം ABCD യിൽ BC = 10 cm CD= 20cm

$\Delta$ ADE യുടേയും $\Delta$ BCE യുടേയും പരപ്പളവുകളുടെ തുക എത്ര ?

a) 200 $cm^{2}$ b) 150 $cm^{2}$

c) 100 $cm^{2}$ d) 50 $cm^{2}$

25) 


ABCD ഒരു ചതുരമാണ് AE = FD EF= 10cm

BC = 20cm, AB = 8 cm

$\Delta$CDF ന്റെ പരപ്പ് ഇവ എത്ര ?

a) 20 $cm^{2}$ b) 30 $cm^{2}$

c) 100 $cm^{2}$ d) 16 $cm^{2}$

26) 


PQRS ഒരു ചതുരമാണ്. QS ലേക്കുള്ള ലംബങ്ങളാണ് PT യും RU ഉം. □PQRS ന്റെ പരപ്പളവ് $160cm^{2}$ ആണ്. PT=10 cm ആണെങ്കിൽ QS എത്ര ?

a) 20 cm b) 15 cm c) 8 cm d) 16 cm

27) 


MNOP ഒരു ചതുരമാണ്. NP വികർണ്ണവും. ചതുരം SCQM ന്റെ പരപ്പളവ് $12cm^{2}$ ആണെങ്കിൽ ചതുരം ROTC യുടെ പരപ്പളവ് എത്ര?

a) 12 $cm^{2}$ b) 6 $cm^{2}$

c) 24 $cm^{2}$ d) $18cm^{2}$

28) താഴെ പറയുന്ന സംഖ്യകളിൽ പൂർണ്ണവർഗ്ഗമല്ലാത്തത് ഏത് ?

a) $4 \times 10^{10}$ b) $25 \times 10^{25}$

c) $36 \times 10^{36}$ d) $49 \times 10^{12}$

29) 10001 ന്റെ വർഗ്ഗം താഴെപറയുന്നതിൽ ഏതാണ് ?

a) 100020001 b) 100200001

c) 10002001 d) 1002001

30) താഴെ പറയുന്ന സംഖ്യകളിൽ വർഗ്ഗമായി എഴുതാൻ കഴിയാത്ത സംഖ്യ ഏത് ?

a) 1.96 b) 0.025

c) 0.0036 d) 12.25

31) ഒരു പന്തലിൽ 900 കസേരകൾ ഉണ്ട്. ഇവയെ ഒരു പ്രത്യേക രീതിയിൽ ക്രമീകരിക്കുമ്പോൾ വരികളുടേയും നിരകളുടേയും എണ്ണം തുല്ല്യമാകും. ഒരു വരിയിലേയും ഒരു നിരയിലേയും കസേരകൾ മാറ്റിയാൽ ബാക്കി എത്ര കസേരയുണ്ടാകും ?

a) 840 b) 841

c) 842 d) 843

32) സമചതുരാകൃതിയിലുള്ള ഒരു പൂന്തോട്ടത്തിന്റെ പരപ്പളവ് 225 $m^2$ ആണ്. പൂന്തോട്ടത്തിന്റെ ചുറ്റളവ് എത്ര ?

a) 15m b) 30m

c) 60m d) 45m

33) 2 മീറ്റർ നീളവും 3.2$m^2$ പരപ്പളവുമുള്ള ഒരു മേശ വിരിയിൽ നിന്നും സമചതുരാകൃതിയിൽ പരമാവധി വലുപ്പത്തിൽ തുണി വെട്ടിയെടുത്തു. വെട്ടിയെടുത്ത തുണിയുടെ പരപ്പളവ് എത്ര ?

a) 3.0 മീറ്റർ b) 2.56$m^2$

c) 2.25$m^2$ d) 1.69$m^2$

34) രാജു 200 കി.മീ സഞ്ചരിക്കാൻ 4 മണിക്കൂറെടുത്തു. ഇതേ വേഗതയിൽ സലിം 150 കി.മീ സഞ്ചരിക്കാൻ എത്ര സമയം എടുക്കും ?

a) 4 മീറ്റർ b) 3½ മണിക്കൂർ

c) 3 മണിക്കൂർ d) 2½ മണിക്കൂർ

35) ശശി 45 കി.മീ/മണി : വേഗതയിൽ 180 കി.മീറ്റർ കാറിലും 35 കി.മീ /മണി വേഗതയിൽ 175 കി.മീറ്റർ ബസ്സിലും സഞ്ചരിച്ചാണ് ലക്ഷ്യസ്ഥാനത്തെത്തിയത്. ആകെ എത്ര സമയം ശശി യാത്ര ചെയ്തു?

a) 8 മണിക്കൂർ b) 9 മണിക്കൂർ

c) 10 മണിക്കൂർ d) 11 മണിക്കൂർ

36) അനു 210 കി.മീറ്റർ കാറിൽ സഞ്ചരിക്കാൻ 3 മണിക്കൂർ 30 മിനിറ്റെടുത്തു. ശരാശരി വേഗം എത്ര?

a) 60 km/മണി b) 50km/മണി

c) 40km/മണി d) 45 km/മണി

37) 43km/മണിക്കൂർ വേഗതയിൽ 2½ മണിക്കൂർ ജീപ്പിലും 30km/മണിക്കൂർ വേഗതയിൽ 1½ മണിക്കൂർ ബസ്സിലും സഞ്ചരിച്ചാണ് ലത വീട്ടിൽ മടങ്ങിയെത്തിയത്. ലത സഞ്ചരിച്ച ദൂരം എത്ര ?

a) 150.5 km b) 152.5 km

c) 162.5km d) 170.5 km

38) ബാബുവും സുഹൃത്തുക്കളും തിരുവനന്തപുരത്തേക്ക് കാറിൽ പോകുകയാണ്. ആദ്യത്തെ 100 കി.മീറ്റർ മണിക്കൂറിൽ 40.കി.മീറ്റർ/hour വേഗതയിലും തുടർന്നുള്ള 150 km 60km/hour വേഗതയിലുമാണ് കാർ പോയത്. ശരാശരി വേഗത എത്ര?

a) 55 km/hr b) 52 km/hr

c) 100 km/hr d) 50 km/hr

39) രാവിലെ 10 മണിക്ക് തൃപ്പൂണിത്തുറയിൽ നിന്നും കാറിൽ 40 km/മണിക്കൂർ ശരാശരി വേഗതയിൽ സഞ്ചരിച്ചപ്പോൾ തൃശ്ശൂർ 1 മണിക്ക് എത്തി. 12.30 ന് തൃശൂർ എത്താൻ (അതേ സമയത്ത് യാത്രതിരിച്ചാൽ) ഏതു വേഗതയിൽ പോകണം ?

a) 45 km/hr b) 48 km/hr

c) 50 km/hr d) 52 km/hr

40) താഴെ പറയുന്ന അളവുകളിൽ നിന്ന് നിശ്ചിത വലുപ്പമുള്ള ത്രികോണം വരയ്ക്കാൻ സാധിക്കാത്തത് ഏത് ?

a) ഒരുവശവും 2 കോണുകളും

b) രണ്ട് വശവും അവയ്ക്കിടയിലെ കോണും

c) മൂന്നു വശങ്ങൾ d) മൂന്നു കോണുകൾ

41) താഴെ പറയുന്ന ത്രികോണങ്ങളിൽ മട്ടത്രികോണം ഏത് ?

a) $\angle A = 50^0$ $\angle B = 35^0$

b) $\angle P = 45^0, \angle Q = 45^0$

c) $\angle M = 60^0$ $\angle N = 50^0$

d) $\angle X = 30^0$ $\angle Y = 50^0$

42) താഴെ പറയുന്നവയിൽ ത്രികോണത്തിന്റെ വശങ്ങളുടെ അളവുകളാകാൻ സാധ്യതയില്ലാത്തത് ഏത്?

a) AB = 8cm BC = 4cm AC = 4cm

b) PQ = 5cm QR = 4cm PR = 3cm

c) XY = 10cm YZ = 8cm XZ = 6cm

d) MN = 7cm NO = 5cm OM = 3cm

43) ത്രികോണത്തിന്റെ അളവുകളാകാൻ സാധ്യതയില്ലാത്തത് താഴെ പറയുന്നവയിൽ ഏത്?

a) $\angle A = 50^0$ $\angle B = 100^0$ $\angle C = 30^0$

b) $\angle A = 90^0$ $\angle B = 89^0$ $\angle C = 1^0$

c) $\angle A = 50^0$ $\angle B = 50^0$ $\angle C = 80^0$

d) $\angle A = 45^0$ $\angle B = 50^0$ $\angle C = 75^0$

44) ഒരു ചതുരത്തിന്റെ വീതിയും നീളവും തമ്മിലുള്ള അംശബന്ധം 1:5 ആണ്. നീളം 7 ½ cm ആണെങ്കിൽ വീതി എത്രയായിരിക്കും ?

a) 1 cm b) 2 ½ cm

c) 5cm d) 1 ½ cm

45) അമ്പിളി ദേശീയ പതാകയുണ്ടാക്കാൻ പേപ്പർ മുറിക്കുകയാണ്. 30 cm നീളമുള്ള പതാകയാണ് ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നത്. വീതി എത്ര വേണം ?

a) 18 cm b) 10 cm

c) 12 cm d) 20 cm

46) രാജുവിന്റെ പറമ്പ് 2 ഏക്കറാണ്. ഇതിന്റെ $\frac{1}{3}$ ഭാഗം കപ്പകൃഷി ചെയ്യുന്നു. $\frac{1}{4}$ ഭാഗം റബ്ബറും കൃഷി ചെയ്യുന്നു. കപ്പയും റബ്ബറും ഏത് അംശബന്ധത്തിലാണ് കൃഷിചെയ്യുന്നത്

a) 4:3 b) 3:4 c) 12:8 d) 8:12

47) ഒരു പഞ്ചായത്തിലെ സ്ത്രീകളുടെയും പുരുഷന്മാരുടേയും എണ്ണത്തിലെ അംശബന്ധം 12:11 ആണ്. പുരുഷന്മാർ 22000 ആണെങ്കിൽ ആകെ ജനസംഖ്യ എത്ര ?

a) 36000 b) 40000

c) 46000 d) 50000

48) 400 ഗ്രാം ഭാരമുള്ള കേക്ക് രാജുവിനും രാധക്കും 3:5 എന്ന അംശബന്ധത്തിൽ ഭാഗിച്ചു നൽകി. രാധയ്ക്ക് കിട്ടിയത് എത്ര ഗ്രാം ?

a) 150 gm b) 200 gm

c) 250 gm d) 300 gm

49) ഒരു ചതുരത്തിന്റെ നീളവും വീതിയും തമ്മിലുള്ള അംശബന്ധം 4:3 ആണ്. 42 cm ചുറ്റളവുള്ള ചതുരത്തിന്റെ പരപ്പളവ് എത്ര ?

a) 84 ച. സെമീ b) 42 ച. സെമീ

c) 98 ച. സെമീ d) 108 ച. സെമീ

50) രാജു കി.ഗ്രാമിന് 50 രൂപ വീതം 10 കിലോ ഗ്രാം മാമ്പഴം വാങ്ങി കിലോഗ്രാമിന് 60 രൂപ വീതം വിറ്റു. രണ്ടുകിലോ മാങ്ങ ചീഞ്ഞുപോയി. ലാഭം/നഷ്ടം എത്ര ?

a) ലാഭം 100 രൂപ b) ലാഭം 20 രൂപ

c) ലാഭം 50 രൂപ d) നഷ്ടം 20 രൂപ

51) രവി തേങ്ങയൊന്നിന് 20 രൂപ വീതം 1000 തേങ്ങ വാങ്ങി. തേങ്ങയൊന്നിന് 25 രൂപ വീതം വിറ്റു. കടത്തുകൂലിയുൾപ്പെടെ 1500 രൂപ ചെലവായി. ലാഭശതമാനം എത്ര ?

a) 20% b) 17.5 %

c) 25 % d) 22.5%

52) ഒരു ടൺ കുരുമുളക് 190000 രൂപയ്ക്ക് വിറ്റപ്പോൾ 5% നഷ്ടമുണ്ടായി. വാങ്ങിയവില എത്ര ?

a) 180000 രൂപ b) 2 ലക്ഷം രൂപ

c) 195000രൂപ d) 185000 രൂപ

53) 1000 രൂപ വിലയുള്ള ഒരു സാധനത്തിന്റെ വില കടക്കാരൻ 25% വർദ്ധിപ്പിച്ചശേഷം 20% ഡിസ്കൗണ്ടിനു വിൽക്കുന്നു. വിറ്റവില എത്ര ?

a) 1100 b) 1200

c) 900 d) 1000

54) ഒരു കച്ചവടക്കാരൻ 4000 രൂപയ്ക്ക് വാങ്ങിയ സ്റ്റൗ മാർക്കറ്റ് വിലയുടെ 50% ഡിസ്കൗണ്ടിലാണ് വിൽക്കുന്നത്. 25% ലാഭം കിട്ടണമെങ്കിൽ പരസ്യവില എത്രയാകണം ?

a) 8000 രൂപ b) 5000 രൂപ

c) 9000 രൂപ d) 10000 രൂപ

55) രാമു ബാങ്കിൽ നിന്ന് 10000 രൂപ കടമെടുത്തു. 2 വർഷം കഴിഞ്ഞപ്പോൾ പലിശയുൾപ്പെടെ 12000 രൂപയായി കടം. ബാങ്കിന്റെ വാർഷിക പലിശ എത്രയാണ് ?

a) 8% b) 9% c) 10% d) 12%

56) ഒരു സംഖ്യയുടെ ഒറ്റയുടെ സ്ഥാനത്തെയക്കം $x$ ഉം പത്തിന്റെ സ്ഥാനത്തെയക്കം $y$ ഉം ആയാൽ സംഖ്യ താഴെ പറയുന്നവയിൽ ഏതാണ് ?

a) $10x+10y$ b) $10x+y$ c) $10y+x$ d) $x+y$

57) താഴെ പറയുന്ന പ്രസ്താവനകളിൽ തെറ്റേത്?

a) തുടർച്ചയായ രണ്ട് എണ്ണൽ സംഖ്യകളുടെ തുക എപ്പോഴും ഒറ്റ സംഖ്യയായിരിക്കും

b) രണ്ട് ഇരട്ട സംഖ്യകൾ കൂട്ടിയാൽ കിട്ടുന്നത് ഇരട്ട സംഖ്യയായിരിക്കും

c) രണ്ട് ഒറ്റസംഖ്യകൾ കൂട്ടിയാൽ ഒറ്റ സംഖ്യയാണ് കിട്ടുക.

d) തുടർച്ചയായ മൂന്ന് എണ്ണൽ സംഖ്യകളുടെ തുക മൂന്നിന്റെ ഗുണിതമായിരിക്കും.

58) ഒരു രണ്ടക്കസംഖ്യയുടെ ഒറ്റയുടെ സ്ഥാനത്തെയക്കം P യും പത്തിന്റെ സ്ഥാനത്തെയക്കം q ഉം ആണ്. അക്കങ്ങൾ പരസ്പരം സ്ഥാനം മാറിയ ശേഷം രണ്ടു സംഖ്യകളും കൂട്ടിയാൽ താഴെ പറയുന്നവയിൽ ഏത് ലഭിക്കും ?

a) 10p+10q b) 11p+10q

c) 11(p+q) d) 10p+11q

59) ഒരു മൂന്നക്ക സംഖ്യയുടെ ഒറ്റയുടേയും പത്തിന്റേയും നൂറിന്റേയും സ്ഥാനത്തുള്ള അക്കങ്ങൾ യഥാക്രമം $x$, y, z ആണ്. സഖ്യയിൽ നിന്ന് അക്കങ്ങളുടെ തുക കുറച്ചാൽ ലഭിക്കുന്നത്.

a) 99z+9y  b) 99x +y  c) y+99z  d) 99y+z

60) ABC ഒരു മട്ടത്രികോണം. AC കർണ്ണമാണ്. AB വശമായി വരയ്ക്കുന്ന സമചതുരത്തിന്റെ പരപ്പളവ് $64cm^2$. AC വശമായി വരക്കുന്ന സമചതുരത്തിന്റെ പരപ്പളവ് $100\ cm^2$. BC യുടെ നീളം എത്ര?

a) കണ്ടെത്താൻ കഴിയില്ല  b) 36cm

c) 10 cm  d) 6 cm

61) സമചതുരം ABCD യുടെ പരപ്പളവ് $200cm^2$ ആണ് വികർണ്ണം AC വശമായിവരുന്ന സമചതുരം വരച്ചാൽ പരപ്പളവ് എത്ര ?

a) $100\ cm^2$  b) $200cm^2$

c) $300\ cm^2$  d) $400\ cm_2$

62) 


ചിത്രത്തിൽCDEFസമചതുരമാണ്. AE, AB യുടെ $\frac{1}{3}$ ഭാഗം. കൂടാതെ AE=BF. $\Delta$ ADE യുടെ പരപ്പള്ളവ് 30 ച.സെമീ ആയാൽ ABCD യുടെ പരപ്പളവ് എത്ര?

a) $120\ cm^2$  b) $90cm^2$

c) $60\ cm^2$  d) $100\ cm^2$

63) താഴെ പറയുന്നവയിൽ മട്ടത്രികോണത്തിന്റെ വശങ്ങൾ ആകാൻ സാദ്ധ്യതയില്ലാത്തത് ഏത് ?

a) 3, 4, 5  b) 6, 8,10

c) 7, 24, 25  d) 20, 21, 22

64) 


സമചതുരം ABCD യുടെ പരപ്പളവ് $200cm^2$ ആണ് BD യുടെ നീളം

a) 20cm  b) 10 cm

c) 100 cm  d) 15 cm

65) 10 ന്റെ ഗുണിതങ്ങളും 5 ന്റെ ഗുണിതങ്ങളും കൂട്ടിയാൽ കിട്ടുന്ന സംഖ്യയുടെ ബീജഗണിത രൂപം താഴെ പറയുന്നവയിൽ ഏതാണ് ?

a) 10n+m  b) 10(m+n)

c) 5(2m+n)  d) 5 (m+n)

66) ഒരു പരീക്ഷയിൽ ആകെ 20 ചോദ്യങ്ങൾ. ശരിയുത്തരത്തിന് 1 സ്കോർ ലഭിക്കും. തെറ്റിന് ½ സ്കോർ കുറയും. ഉണ്ണിക്ക് 12 എണ്ണം ശരിയായി. 6 എണ്ണം തെറ്റിപ്പോയി. 2 ചോദ്യങ്ങൾക്ക് ഉത്തരമെഴുതിയില്ല. ഉണ്ണിക്ക് ലഭിക്കുന്ന സ്കോർ എത്ര ?

a) a  b) 8  c) 9  d) 10

67) $-8^0C$ താപനിലയുള്ള ഒരു വസ്തു $6^0C$ വരെ ചൂടാക്കിയാൽ താപവർദ്ധനവ് എത്ര ഡിഗ്രി

a) $0^0c$  b) $8^0c$  c) $-14^0c$  d) $14^0c$

68) താഴെ പറയുന്നത് ലഘൂകരിക്കുക

$$-\frac{1}{5}-\frac{1}{5}-\frac{1}{5}-\frac{1}{5}-\frac{1}{5} = \ ?$$

a) 0  b) -1  c) 1  d) -5

69) ലഘൂകരിക്കുക

$$-12 + 8\frac{1}{6} - 5\frac{1}{6}$$

a) -1  b) -9  c) 1  d) 25

70) ഒരു കെട്ടിടത്തിന്റെ തറ നിരപ്പിനു മുകളിൽ 8 നിലകളും താഴെ 4 നിലകളുണ്ട്. അതിൽ സ്ഥാപിച്ചിട്ടുള്ള ലിഫ്റ്റിൽ തറനിരപ്പിൽ നിന്ന് കയറിയ ഒരാൾ 6 ബട്ടണിലും മറ്റെയാൾ –3 ബട്ടണിലും അമർത്തി. രണ്ട് പേരെയും ഇറക്കിയശേഷം തറനിരപ്പിൽ ലിഫ്റ്റ് നിന്നു. ഒരു നില പിന്നിടാൻ 3 മീറ്റർ വേണം. എത്ര മീറ്റർ ലിഫ്റ്റ് സഞ്ചരിച്ചു ?

a) 9 മീ  b) 18 മീ  c) 36 മീ  d) 54 മീ

71) താഴെ കൊടുത്തിരിക്കുന്ന പൈ ചിത്രത്തിൽ നൽകിയിരിക്കുന്ന വിവരങ്ങൾ ശ്രദ്ധിക്കുക.

ഒരു ക്ലാസ്സിലെ ആകെയുള്ള 36 കുട്ടികളിൽ 40% നും 60% ഇടയിൽ മാർക്ക് നേടിയവർ എത്ര?




60% മാർക്കിനു മുകളിൽ വാങ്ങിയവർ

a) 10  b) 9  c) 12  d) 15

72) കുടുംബച്ചെലവിനങ്ങളുടെ വൃത്തചിത്രം താഴെ കൊടുത്തിരിക്കുന്നു.

കുടുംബത്തിന്റെ മാസവരുമാനം 27000 രൂപയാണെങ്കിൽ മാസ സമ്പാദ്യം എത്ര?

a) 2000 രൂപ b) 4000രൂപ

c) 6000രൂപ d) 8000രൂപ




73) രാജന്റെ പറമ്പിൽ പകുതി ഭാഗം റബ്ബറാണ്. 1/6 ഭാഗം വീടിനു മാറ്റി വച്ചിട്ടുണ്ട്. 1/4 ഭാഗത്ത് പച്ചക്കറികൾ നടുന്നു. ബാക്കിയുള്ള ഭാഗത്ത് ഒരു കുളമുണ്ട്. ഇതിന്റെ പൈ ചിത്രം വരക്കുമ്പോൾ കുളത്തിന്റെ ഭാഗം രേഖപ്പെടുത്താൻ ഏത്ര ഡിഗ്രി വരക്കണം?

a) $60^0$ b) $30^0$ c) $90^0$ d) $100^0$

74) X ബാങ്കിൽ 100 രൂപക്ക് ഒരു രൂപയാണ് മാസപലിശ Y ബാങ്കിൽ 12% വാർഷിക പലിശയാണ്. രണ്ട് പലിശയും തമ്മിലുള്ള വ്യത്യാസം എത്ര ശതമാനം ?

a) 0% b) 1% c) 2% d) 4%

75) ഒരു നിശ്ചിത ജോലിയുണ്ട് 1/4 ഭാഗം സാബു ഒരു ദിവസം കൊണ്ട് തീർക്കും. അതേ ജോലിയുടെ 1/3 ഭാഗമാണ്. ബാബു ഒരു ദിവസം കൊണ്ട് തീർക്കുക. 300 രൂപയാണ് ജോലി പകുതിയാക്കിയാൽ ലഭിക്കുക. സാബുവിനും ബാബുവിനും ഒരു ദിവസം ലഭിക്കുന്ന കൂലിയുടെ അംശബന്ധം എത്ര?

a) 2:3 b) 3:4 c) 4:3 d) 3:2

ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി എറണാകുളം

**Reg. No: ER 7/2012**

## USS EXAMINATION - FEBRUARY 2020
## MODEL QUESTION PAPER
## (PAPER - I) (PART - C)
## MATHS - ANSWER KEY

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1.(d) | 2.(c) | 3.(b) | 4. (d) | 5. (d) | 6.(c) | 7.(c) | 8.(b) | 9.(c) |
| 10.(c) | 11. (b) | 12.(c) | 13.(d) | 14.(a) | 15.(c) | 16.(c) | 17.(c) | 18.(d) |
| 19(d) | 20. (a) | 21.(c) | 22.(d) | 23.(d) | 24.(c) | 25.(a) | 26.(d) | 27.(a) |
| 28.(b) | 29.(a) | 30(b) | 31(b) | 32.(c) | 33(b) | 34(c) | 35.(b) | 36.(a) |
| 37.(b) | 38.(d) | 39.(b) | 40.(d) | 41.(b) | 42.(a) | 43.(d) | 44.(d) | 45.(d) |
| 46.(a) | 47.(a) | 48.(b) | 49.(d) | 50.(d) | 51.(b) | 52.(b) | 53.(d) | 54.(d) |
| 55.(c) | 56.(c) | 57.(c) | 58.(c) | 59.(a) | 60.(d) | 61.(d) | 62.(a) | 63.(d) |
| 64.(a) | 65.(c) | 66.( c ) | 67.( d ) | 68.( b ) | 69.( b ) | 70.( d ) | 71.( c ) | 72.( c ) |
| 73.( b ) | 74.( a ) | 75.( b ) | | | | | | |

## ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി, എറണാകുളം

**Reg.No: ER 7/2012**

# USS EXAMINATION - FEBRUARY 2020
# MODEL QUESTIONS
# (PAPER - II) (PART - B)
# അടിസ്ഥാനശാസ്ത്രം

## അധ്യായം 1 മണ്ണിൽ പൊന്നുവിളയിക്കാം

1) താഴെ പറയുന്ന ചെടികളിൽ കായിക പ്രജനനം വഴി തൈകൾ ഉണ്ടാകുന്നതിന് ഉദാഹരണം

a) വെണ്ട  b) മധുരക്കിഴങ്ങ്

c) പയർ  d) മത്തൻ

2) ലൈംഗിക പ്രത്യുല്പാദനം വഴി തൈച്ചെടികൾ ഉണ്ടാക്കുന്നതിന് ഉദാഹരണം താഴെ പറയുന്നവയിൽ നിന്ന് തിരഞ്ഞെടുക്കുക.

a) മരച്ചീനി  b) വെള്ളരി

c) മധുരക്കിഴങ്ങ്  d) കൂർക്ക

3) പതിവയ്ക്കലുമായി ബന്ധപ്പെട്ട ശരിയല്ലാത്ത പ്രസ്താവന ഏത്?

a) ഇങ്ങനെയുണ്ടാകുന്ന തൈകൾക്ക് ആയുർദൈർഘ്യം താരതമ്യേന കുറവായിരിക്കും.

b) ഇവ വേഗത്തിൽ പൂക്കുകയും കായ്ക്കുകയും ചെയ്യും.

c) ഇവയ്ക്ക് കൂടുതൽ പരിചരണം വേണ്ട.

d) രോഗപ്രതിരോധ ശക്തി കൂടുതലായിരിക്കും.

4) ഗ്രാഫ്റ്റിംഗുമായി ബന്ധപ്പെട്ട ഏതാനും പ്രസ്താവനകൾ ചുവടെ കൊടുക്കുന്നു. അവയിൽ തെറ്റേത്?

a) ഗ്രാഫ്റ്റിംഗിനു വേണ്ടി തിരഞ്ഞെടുക്കുന്ന വേരോടുകൂടിയ ചെടിയെ സയൺ എന്നുപറയുന്നു.

b) ഒട്ടിക്കുന്ന കമ്പിനെ സയൺ എന്നുപറയുന്നു.

c) മാവിൻ തൈകളിൽ സാധാരണ ചെയ്യാറുള്ള രീതിയാണ് ഗ്രാഫ്റ്റിംഗ്

d) ഗ്രാഫ്റ്റിംഗിനു തിരഞ്ഞെടുക്കുന്ന വേരോടുകൂടിയ ചെടിയാണ് സ്റ്റോക്ക്.

5) ഒരേ ചെടിയിൽതന്നെ പല നിറത്തിലുള്ള പൂക്കൾ ഉണ്ടാകുന്നതിന് അനുവർത്തിക്കാവുന്ന ഉല്പാദന രീതി താഴെ പറയുന്നവയിൽ ഏതാണ്?

a) ലൈംഗിക പ്രത്യുല്പാദനം

b) പതിവയ്ക്കൽ

c) മുകുളം ഒട്ടിക്കൽ

d) കൊമ്പ് ഒട്ടിക്കൽ (ഗ്രാഫ്റ്റിംഗ്)

6) താഴെ പറയുന്നവയിൽ കൂട്ടത്തിൽ പെടാത്തത് ഏത് ?

a) അന്നപൂർണ്ണ

b) അനുഗ്രഹ

c) ഹ്രസ്വ

d) പവിത്ര

7) ചന്ദ്രലക്ഷ, ചന്ദ്രശങ്കര, ലക്ഷഗംഗ - ഇവയുടെ പൊതുവായ പ്രത്യേകത

a) ഇവ സങ്കരയിനം നെല്ലിനങ്ങളാണ്.

b) ഇവ നാടൻ തെങ്ങിനങ്ങളാണ്.

c) ഇവ സങ്കരയിനം പയർച്ചെടികളാണ്.

d) ഇവ സങ്കരയിനം തെങ്ങിൻ തൈകളാണ്.

8) റബ്ബർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആസ്ഥാനം എവിടെയാണ് ?

a) കാസർഗോഡ്

b) കോഴിക്കോട്.

c) തിരുവനന്തപുരം

d) കോട്ടയം

9) കേരള കാർഷിക സർവ്വകലാശാലയുടെ ആസ്ഥാനം ?

a) കൊച്ചി

b) മണ്ണുത്തി

c) ശ്രീകാര്യം

d) കാസർഗോഡ്

10) കൃഷിഭവനുകളുടെ പ്രവർത്തന മേൽനോട്ടം താഴെ പറയുന്നവയിൽ ആർക്ക് ?

a) ജില്ലാ പഞ്ചായത്ത്

b) കേന്ദ്രസർക്കാർ

c) ബ്ലോക്ക് പഞ്ചായത്ത്

d) ഗ്രാമ പഞ്ചായത്ത്

11) വിളപര്യയം (Crop rotation) കൊണ്ട് ഉദ്ദേശിക്കുന്നത്

a) തുടർച്ചയായി ഒരേ കൃഷി തന്നെ ഒരിടത്ത് ചെയ്യുന്നത്.

b) ഒരേ സമയം ഒന്നിലേറെ വിളകൾ ഒരേ സ്ഥലത്തു കൃഷി ചെയ്യുന്നത്.

c) ഒരു കൃഷിക്കു ശേഷം അതേ കൃഷി തന്നെ ആവർത്തിക്കാതെ മറ്റൊരു വിള കൃഷി ചെയ്യുന്നത്.

d) ഒരു കൃഷിക്കുശേഷം അവശിഷ്ടങ്ങൾ ആ സ്ഥലത്തു തന്നെ നിക്ഷേപിക്കുന്നത്.

12) വിള പര്യയത്തിന്റെ ലക്ഷ്യം താഴെ പറയുന്നവയിൽ എന്താണ് ?

a) മണ്ണിന്റെ ഫലപുഷ്ടി നിലനിർത്തുക

b) വിളവ് പരമാവധിയാക്കുക

c) കീടബാധയെ ചെറുക്കുക

d) ഭൂമിയുടെ ഉപയോഗം പരമാവധിയാക്കുക.

13) ചിലയിനം ചെടികളുടെ വേരിൽ വസിക്കുന്ന ചില ബാക്ടീരിയകൾക്ക് അന്തരീക്ഷ നൈട്രജനെ വലിച്ചെടുത്ത് നൈട്രേറ്റാക്കി മാറ്റാൻ കഴിവുണ്ട്. അത്തരം കഴിവുള്ള ബാക്ടീരിയ താഴെ പറയുന്നവയിൽ ഏതാണ് ?

a) അസറ്റോബാക്ടർ

b) റൈസോബിയം

c) സാൽമൊണല്ല

d) ഇ-കോളി

14) പ്രകൃതിയുടെ സ്വഭാവിക രീതികളോടിണങ്ങിയ കൃഷി രീതി പ്രാവർത്തികമാക്കുകയും പ്രചരിപ്പിക്കുകയും ചെയ്ത ലോക പ്രശസ്തനായ കൃഷി വിദഗ്ധൻ മനനോബുഫുക്കുവോക്ക ഏതു രാജ്യക്കാരനാണ്?

a) ഇന്ത്യ

b) ആഫ്രിക്ക

c) ജപ്പാൻ

d) ബ്രസീൽ

15) താഴെപറയുന്നവയിൽ ഗ്രൂപ്പിൽ പെടാത്തത് ഏത്?

a) പുകയിലക്കഷായം

b) ബോർഡോമിശ്രിതം

c) വേപ്പെണ്ണ എമൾഷൻ

d) കാന്താരി മുളക് കഷായം

## ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി, എറണാകുളം

**Reg.No: ER 7/2012**

# USS EXAMINATION - FEBRUARY 2020
# MODEL QUESTIONS
# (PAPER - II) (PART - B)
# അടിസ്ഥാനശാസ്ത്രം

### അധ്യായം 2 പ്രകാശ വിസ്മയങ്ങൾ

1) പ്രകാശത്തിന്റെ പ്രതിഫലനവുമായി ബന്ധപ്പെട്ട് താഴെകൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ തെറ്റേത് ?

a) കണ്ണാടിയിൽ പ്രകാശം പ്രതിപതിക്കുന്നത് ക്രമ പ്രതിപതനമാണ്.

b) പതനകോൺ 40 ഡിഗ്രിയാകുമ്പോൾ പ്രതിപതന കോൺ 50 ഡിഗ്രിയായിരിക്കും.

c) മിനുസമല്ലാത്ത പ്രതലത്തിൽ പ്രകാശം പ്രതിപതിക്കുന്നത് വിസരിത പ്രതിപതനമായിരിക്കും.

d) പതനകോണും പ്രതിപതന കോണും തുല്ല്യമായിരിക്കും.

2) സമതല ദർപ്പണം രൂപപ്പെടുത്തുന്ന പ്രതിബിംബത്തിന്റെ സവിശേഷതയല്ലാത്ത് ഏത്?

a) വസ്തുവിന്റെയും പ്രതിബിംബത്തിന്റെയും വലുപ്പം ഒന്നുതന്നെയായിരിക്കും.

b) പ്രതിബിംബത്തിന് പാർശ്വിക വിപര്യയം സംഭവിക്കും.

c) വസ്തുവും ദർപ്പണവും തമ്മിലുള്ള ദൂരം വർദ്ധിപ്പിച്ചാൽ ദർപ്പണവും പ്രതിബിംബവും തമ്മിലുള്ള അകലം വർദ്ധിക്കും.

d) പ്രതിബിംബത്തിന്റെ വലുപ്പം വസ്തുവിനേക്കാൾ കൂടുതലായിരിക്കും.

3) വാഹനങ്ങളിൽ, പിന്നിൽ നിന്നു വരുന്ന വാഹനങ്ങൾ കാണുന്നതിന് ഉപയോഗിക്കുന്നത് താഴെ പറയുന്നതിൽ ഏതാണ് ?

a) കോൺകേവ് ദർപ്പണം

b) കോൺവെക്സ് ദർപ്പണം

c) സതമല ദർപ്പണം

d) ചില്ല് ഗ്ലാസ്

4) പെരിസ്കോപ്പിൽ ഉപയോഗിക്കുന്നത് താഴെ പറയുന്നവയിൽ ഏതാണ് ?

a) കോൺവെക്സ് ദർപ്പണം

b) കോൺകേവ് ദർപ്പണം

c) പ്ലെയ്ൻ ഗ്ലാസ്

d) സമതല ദർപ്പണം

5) താഴെ പറയുന്നവയിൽ പ്രകാശത്തിന്റെ അപവർത്തനം മൂലം സംഭവിക്കുന്നത് ഏത് ?

a) ഒരു പാത്രത്തിലെ വെള്ളത്തിൽ നമ്മുടെ പ്രതിബിംബം കാണുന്നത്.

b) ഒരു കോൺവെക്സ് ദർപ്പണത്തിൽ പ്രതിബിംബം ഉണ്ടാകുന്നത്.

c) ഒരു ബീക്കറിലെ വെള്ളത്തിൽ ഒരു സ്ട്രോ താഴ്ത്തിവച്ചാൽ മുറിഞ്ഞതുപോലെ കാണുന്നത്

d) കോൺകേവ് ദർപ്പണത്തിൽ പ്രതിബിംബം ഉണ്ടാകുന്നത്.

6) താഴെ പറയുന്ന ഉപകരണങ്ങളിൽ കോൺവെക്സ് ലെൻസ് ഉപയോഗിക്കുന്നത് ഏതിൽ ?

a) മൈക്രോസ്കോപ്പ്

b) പെരിസ്കോപ്പ്

c) ഹ്രസ്വദൃഷ്ടിക്കുള്ള കണ്ണട

d) കാലിഡോസ്കോപ്പ്

7) പ്രകാശം ഘടകവർണ്ണങ്ങളായി മാറുന്ന പ്രതിഭാസമാണല്ലോ പ്രകീർണ്ണനം. പ്രകീർണ്ണനം സംഭവിക്കുന്നത് താഴെ പറയുന്നവയിൽ എന്തുകാരണം കൊണ്ടാണ്?

a) പ്രതിപതനം

b) അപവർത്തനം

c) പ്രിസത്തിന്റെ പ്രത്യേക ആകൃതി

d) ജലകണിക

8) കോൺകേവ് ലെൻസിനെ സംബന്ധിച്ച ശരിയായ പ്രസ്താവന ഏത് ?

a) കടന്നു പോകുന്ന പ്രകാശരശ്മികളെ പരസ്പരം അടുപ്പിക്കുന്നു.

b) കടന്നുപോകുന്ന പ്രകാശ രശ്മികളെ പരസ്പരം അകറ്റുന്നു.

c) പ്രകീർണ്ണനം ഉണ്ടാക്കുന്നു.

d) പ്രകാശ രശ്മികളെ പ്രതിഫലിപ്പിക്കുന്നു.

# USS EXAMINATION - FEBRUARY 2020
# MODEL QUESTIONS
# (PAPER - II) (PART - B)
# അടിസ്ഥാനശാസ്ത്രം

## അധ്യായം 3 ആസിഡുകളും ആൽക്കലികളും

1) ചെമ്പരത്തി പേപ്പർ ചില ദ്രാവകങ്ങളിൽ മുക്കിയപ്പോൾ ഉണ്ടായ നിറം മാറ്റം ചുവടെ കൊടുത്തിരിക്കുന്നു.

| | |
|---|---|
| മോര് | - ചുവപ്പ് |
| വിനാഗിരി | - ചുവപ്പ് |
| സോപ്പുലായിനി | - മാറ്റമില്ല |
| വെള്ളം | - മാറ്റമില്ല |

താഴെ പറയുന്ന നിഗമനങ്ങളിൽ ശരിയേത് ?

a) മോര്, വിനാഗിരി എന്നിവ ആസിഡ് സ്വഭാവമുള്ളവയാണ്.

b) സോപ്പ് ലായനി, വെള്ളം എന്നിവ ക്ഷാരസ്വഭാവമുള്ളവയാണ്.

c) വെള്ളം ന്യൂട്രൽ സ്വഭാവമുള്ളതാണെന്ന് പരീക്ഷണത്തിൽ നിന്ന് തെളിയുന്നു.

d) മോര്, വിനാഗിരി എന്നിവ ക്ഷാരസ്വഭാവമുള്ളവയാണ്.

2) താഴെ പറയുന്നവയിൽ ഗ്രൂപ്പിൽപെടാത്തത് ഏത്?

a) മോര്

b) ചുണ്ണാമ്പുവെള്ളം

c) വിനാഗിരി

d) നാരങ്ങാവെള്ളം

3) താഴെ കാണുന്ന ചിത്രം നിരീക്ഷിക്കുക. ബലൂണിൽ നിറയുന്ന വാതകം ഏത് ?




a) ഓക്സിജൻ

b) നൈട്രജൻ

c) കാർബൺ ഡൈ ഓക്സൈഡ്

d) ഹൈഡ്രജൻ

4) ഹൈഡ്രജൻ വാതകം കണ്ടുപിടിച്ചത് താഴെ പറയുന്നവരിൽ ആരാണ് ?

a) ലാവോയ്സിയർ

b) ജോസഫ് പ്രീസ്റ്റലി

c) ലൂയി പാസ്റ്റർ

d) ഹെന്റി കാവൻഡിഷ്

5) അലൂമിനിയ പാത്രത്തിൽ മോരു കറി സൂക്ഷിക്കുന്നത് നല്ലതല്ല എന്നു പറയുന്നതിന്റെ കാരണം താഴെ പറയുന്നവയിൽ ഏതാണ് ?

a) കറിക്ക് രുചിവ്യത്യാസം വരും

b) പാത്രത്തിന് കറപിടിക്കും

c) മോര് ക്ഷാര സ്വഭാവമുള്ളതായതുകൊണ്ട് രാസപ്രവർത്തനം നടക്കും.

d) മോര് ആസിഡ് സ്വഭാവമുള്ളതായതുകൊണ്ട് പാത്രവുമായി രാസപ്രവർത്തനം നടക്കും.

6) മുട്ടത്തോട്, കക്ക, മാർബിൾ എന്നിവയുടെ പൊതുവായ പ്രത്യേകത

a) മൂന്നിലും സോഡിയം കാർബ്ബണേറ്റ് അടങ്ങിയിരിക്കുന്നു.

b) മൂന്നിലും കാൽഷ്യം കാർബ്ബണേറ്റ് അടങ്ങിയിരിക്കുന്നു

c) മൂന്നിലും പൊതുഘടകം കാൽഷ്യം ഓക്സൈഡാണ്

d) ആസിഡുമായി പ്രവർത്തിച്ചാൽ ഹൈഡ്രജൻ ഉണ്ടാകുന്നു.

7) ആസിഡുകളുടെ പ്രത്യേകതയല്ലാത്തത് താഴെ പറയുന്നവയിൽ ഏതാണ് ?

a) ലോഹവുമായി പ്രവർത്തിക്കുമ്പോൾ ഹൈഡ്രജൻ ഉണ്ടാകുന്നു

b) ചുവപ്പു ലിറ്റ്മസിനെ നീലയാക്കുന്നു

c) പുളിരുചിയാണ്

d) കാർബ്ബണേറ്റുമായി പ്രവർത്തിക്കുമ്പോൾ കാർബ്ബൺ ഡൈ ഓക്സൈഡിനെ സ്വതന്ത്രമാക്കുന്നു.

8) താഴെ പറയുന്ന ജോഡികളിൽ തെറ്റേത് ?

a) ഉറുമ്പ് - ഫോർമിക് ആസിഡ്

b) വിനാഗിരി - അസറ്റിക് ആസിഡ്

c) വാളൻപുളി - ലാക്ടിക് ആസിഡ്

d) നാരങ്ങനീര് - സിട്രിക് ആസിഡ്

9) താഴെ പറയുന്നവയിൽ ചുവപ്പു ലിറ്റ്മസിനെ നീലയാക്കാത്തത് ഏതു ലായനി ?

a) ചുണ്ണാമ്പുവെള്ളം

b) അമോണിയം ഹൈഡ്രോക്സൈഡ്

c) വിനാഗിരി

d) സോഡിയം ഹൈഡ്രോക്സൈഡ് ലായനി

10) താഴെ പറയുന്നവയിൽ ആൽക്കലിയെ സംബന്ധിച്ച് ശരിയല്ലാത്തത് ഏത് ?

a) കാരരുചിയുള്ളത്

b) വഴുവഴുപ്പുള്ളത്

c) ചുവപ്പുലിറ്റ്മസിനെ നീലയാക്കുന്നു

d) നീല ലിറ്റ്മസിനെ ചുവപ്പാക്കുന്നു.

11) നിർവ്വീരീകരണത്തിന്റെ ഫലമായി ഉണ്ടാകുന്നത് താഴെ പറയുന്നവയിൽ ഏതാണ് ?

a) ഹൈഡ്രജൻ

b) കാർബ്ബൺ ഡൈ ഓക്സൈഡ്

c) ലവണം

d) ഓക്സിജൻ

12) ഒരു മണ്ണുസാമ്പിൾ പരിശോധിച്ചപ്പോൾ pH 5.5 ആണ് ലഭിച്ചത്. താഴെ പറയുന്നവയിൽ എന്തു നിർദ്ദേശമാണ് കർഷകർക്ക് നൽകാൻ കഴിയുക ?

a) മണ്ണിൽ ഉപ്പുചേർക്കണം

b) ജൈവ വളം കൂടുതലായി ചേർക്കണം

c) കുമ്മായം ചേർക്കണം

d) ഒന്നും ചെയ്യേണ്ടതില്ല.

13) താഴെ പറയുന്നവയിൽ ഏതു ജോഡിയിലെ വസ്തുക്കൾ ചേരുമ്പോഴാണ് ചുവപ്പു നിറം ഉണ്ടാകുന്നത് ?

a) മഞ്ഞൾ, സോപ്പ് ലായനി

b) മഞ്ഞൾ, വിനാഗിരി

c) ഫിനോൾഫ്താലീൻ, നാരങ്ങാനീര്

d) ചുണ്ണാമ്പുവെള്ളം, മീതൈൽ ഓറഞ്ച്

## ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി, എറണാകുളം

**Reg.No: ER 7/2012**

# USS EXAMINATION - FEBRUARY 2020
# MODEL QUESTIONS
# (PAPER - II) (PART - B)
# അടിസ്ഥാനശാസ്ത്രം

## അധ്യായം 4 അന്നപഥത്തിലൂടെ

1) സസ്യങ്ങൾ പ്രകാശസംശ്ലേഷണത്തിന്റെ ഭാഗമായി പുറത്തുവിടുന്ന വാതകം താഴെ പറയുന്നവയിൽ ഏതാണ് ?

a) ഓക്സിജൻ

b) ജലബാഷ്പം

c) ഹൈഡ്രജൻ

d) കാർബ്ബൺ ഡൈ ഓക്സൈഡ്

2) താഴെ പറയുന്നവയിൽ അർദ്ധപരാദം ഏത് ?

a) മോണോട്രോപ്പ

b) ഇത്തിൾച്ചെടി

c) ചന്ദനം

d) വെണ്ട

3) പ്രാണികളെ പിടിക്കുന്ന ഇരപിടിയന്മാരായ സസ്യങ്ങളിൽ പെട്ടതാണ് സൺഡ്യൂചെടി, പിച്ചർ ചെടി തുടങ്ങിയവ. ഇത്തരം ചെടികൾ ഈ കഴിവ് നേടിയത് താഴെ പറയുന്നവയിൽ എന്തിനാണ്?

a) ഇവയിൽ പ്രകാശസംശ്ലേഷണത്തിലൂടെ ആഹാര നിർമ്മാണം നടക്കുന്നില്ല.

b) സൂര്യപ്രകാശത്തിലല്ല ഈ ചെടികൾ വളരുന്നത്

c) പ്രധാന പോഷകമായ നൈട്രജൻ ലഭിക്കുന്നതിനു വേണ്ടി

d) പൊട്ടാസ്യത്തിന്റെ ലഭ്യത ഉറപ്പുവരുത്താൻ

4) സസ്യങ്ങൾ പ്രകാശസംശ്ലേഷണത്തിന് ഉപയോഗിക്കുന്ന വാതകം ഏത് ?

a) ഓക്സിജൻ

b) നൈട്രജൻ

c) കാർബ്ബൺ ഡൈ ഓക്സൈഡ്

d) ഹൈഡ്രജൻ

5) പല്ലിന്റെ ഇനാമൽ ദ്രവിപ്പിക്കുന്നത് താഴെ പറയുന്നവയിൽ ഏതാണ് ?

a) ലാക്ടിക് ആസിഡ്

b) ഭക്ഷണാവശിഷ്ടങ്ങൾ

c) ബാക്ടീരിയ

d) പഞ്ചസാര

6) പ്രായപൂർത്തിയായ ഒരാൾക്ക് എത്ര ചർവ്വണകം ഉണ്ടാകും ?

a) 8

b) 6

c) 12

d) 10

7) ആഹാരം കടിച്ചുകീറാൻ സഹായിക്കുന്ന പല്ലുകൾ ഏതാണ് ?

a) ചർവ്വണകം

b) ഉളിപ്പല്ല്

c) കോമ്പല്ല്

d) അഗ്രചർവ്വണകം

8) താഴെ പറയുന്നവയിൽ ദഹന വ്യവസ്ഥയിലെ അവസാന അവയവം ഏത് ?

a) വൻകുടൽ

b) മലാശയം

c) ചെറുകുടൽ

d) ആമാശയം

9) താഴെ പറയുന്നവയിൽ രക്തത്തിൽ എത്താത്ത ഘടകം ഏതാണ് ?

a) ഓക്സിജൻ

b) കാർബ്ബൺ ഡൈ ഓക്സൈഡ്

c) യൂറിയ

d) നൈട്രജൻ

10) മൂത്രത്തിൽ ഉണ്ടാകാൻ പാടില്ലാത്തത് താഴെ പറയുന്നവയിൽ ഏതാണ് ?

a) യൂറിയ

b) ലവണങ്ങൾ

c) രക്തം

d) ജലം

11) താഴെ പറയുന്നവയിൽ വിസർജ്ജനാവയവം അല്ലാത്തത്

a) ത്വക്ക്

b) വൃക്ക

c) മലദ്വാരം

d) ചെവി

12) അന്തരീക്ഷത്തിൽ ഓക്സിജന്റെ അളവ് സ്ഥിരമായി നിൽക്കുന്നതിന്റെ കാരണം

a) ശ്വസനം

b) പ്രകാശസംശ്ലേഷണം

c) ജീവികൾ കുറയുന്നതുകൊണ്ട്

d) സൗരോർജ്ജം

## ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി, എറണാകുളം

**Reg.No: ER 7/2012**

# USS EXAMINATION - FEBRUARY 2020
# MODEL QUESTIONS
# (PAPER -II) (PART -B)

### അധ്യായം 5 വൈദ്യുതി പ്രവഹിക്കുമ്പോൾ

1) താഴെ പറയുന്നവയിൽ ഒരു വൈദ്യുത സെർക്കീട്ടിന്റെ ഘടകങ്ങളിൽ പെടാത്തത് ഏത് ?

a) വൈദ്യുതി പ്രവഹിക്കുന്ന കമ്പി

b) വൈദ്യുത സ്രോതസ്

c) വൈദ്യുതി ഉപയോഗിക്കുന്ന ഉപകരണം

d) സ്വിച്ച്

2)




തന്നിരിക്കുന്ന ചിത്രത്തിൽ ബൾബ് കത്തുന്നില്ല അതിന്റെ കാരണം

a) ബൾബ് ഫ്യൂസായതാണ്

b) ബാറ്ററി ചാർജ്ജില്ലാത്തത്

c) കമ്പിയുടെ അപാകം

d) ബാറ്ററി ബന്ധിപ്പിച്ചത് ശരിയായ രീതിയിലല്ല.

3) താഴെ പറയുന്നവയിൽ വൈദ്യുത ചാലകമല്ലാത്തത് ഏത് ?

a) ചെമ്പ്

b) അലുമിനിയം

c) പ്ലാസ്റ്റിക്ക്

d) ഇരുമ്പ്

4) വൈദ്യുതി പ്രവാഹവുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിരിക്കുന്ന ചിഹ്നം എന്തിനെ സൂചിപ്പിക്കുന്നു?



a) ബാറ്ററി b) സ്വിച്ച്

c) ഫ്യൂസ് d) സെൽ

5) താഴെ പറയുന്നവയിൽ വൈദ്യുത കാന്തം ഉപയോഗപ്പെടുത്താത്ത ഉപകരണം ഏത് ?

a) ഫാൻ

b) ബൾബ്

c) ഇലക്ട്രിക്ബൽ

d) മോട്ടോർ

6) വൈദ്യുതി ഉല്പാദിപ്പിക്കുന്ന ഉപകരണം താഴെ പറയുന്നവയിൽ ഏതാണ് ?

a) ജനറേറ്റർ

b) മോട്ടോർ

c) ടർബൈൻ

d) ട്രാൻസ്ഫോർമർ

7) താഴെ പറയുന്നവയിൽ ഊർജ്ജ സംരക്ഷണത്തിന് അനുകൂലമായ പ്രവർത്തനം അല്ലാത്തത് ഏത് ?

a) നക്ഷത്ര ചിഹ്നങ്ങൾ കൂടുതലുള്ള ഉപകരണങ്ങൾ ഉപയോഗിക്കുക.

b) വോൾട്ടേജ് വർദ്ധിപ്പിക്കാൻ ട്രാൻസ്ഫോർമർ സ്ഥാപിക്കുക

c) റഫ്രിജിറേറ്റർ പൂർണ്ണസമയം പ്രവർത്തിപ്പിക്കുക

d) വോൾട്ടേജ് കുറവുള്ളപ്പോൾ മോട്ടോർ പ്രവർത്തിപ്പിക്കാതിരിക്കുക

8) വൈദ്യുതി സുരക്ഷയുമായി ബന്ധമില്ലാത്ത സംവിധാനം താഴെ പറയുന്നവയിൽ ഏതാണ് ?

a) ഫ്യൂസ്

b) ത്രിപിൻ പ്ലഗ്ഗ്

c) എം.സി.ബി

d) ട്രാൻസ്ഫോർമർ

# USS EXAMINATION - FEBRUARY 2020
# MODEL QUESTIONS
# (PAPER - II) (PART - B)
# അടിസ്ഥാനശാസ്ത്രം

## അധ്യായം 6 നിർമ്മലമായ പ്രകൃതിക്കായി

1) 4 മണ്ണ് സാമ്പിളുകൾ പരിശോധിച്ചപ്പോൾ അവയുടെ ജൈവാംശത്തിന്റെ അളവ് താഴെ പറയുന്ന അളവിലാണെന്ന് കണ്ടെത്തി.

സാമ്പിൾ 1 - 4.8% സാമ്പിൾ 2 - 2.1%

സാമ്പിൾ 3 - 1.2% സാമ്പിൾ 4 - 5.0%

ഇവയിൽ ജലാഗിരണ ശേഷി ഏറ്റവും കൂടുതലുള്ളത് ഏതു സാമ്പിളിനാണ് ?

a. സാമ്പിൾ 1, b.സാമ്പിൾ - 2, c.സാമ്പിൾ - 3,

d. സാമ്പിൾ - 4

2) ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതുമായി ബന്ധപ്പെട്ട് ഗ്രാമസഭയിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ താഴെ പറയുന്നു.

1) ജൈവ മാലിന്യ സംസ്കരണത്തിനായി ഒരു സംസ്കരണ കേന്ദ്രം പഞ്ചായത്ത് തുടങ്ങുക.

2) ജൈവ മാലിന്യങ്ങൾ കത്തിച്ചു കളയുന്നതിനായി ഇൻസിനറേറ്റർ വാർഡുകൾ തോറും സ്ഥാപിക്കുക.

3) ഓരോ വീട്ടിലും ജൈവമാലിന്യസംസ്കരണത്തിന് കമ്പോസ്റ്റ് സംവിധാനം ഉണ്ടാക്കുന്നതിന് സഹായം നൽകുക.

4) ജൈവ മാലിന്യം കത്തിച്ച് വൈദ്യുതിയുണ്ടാക്കുന്ന പ്ലാന്റ് സ്ഥാപിക്കുക.

മേൽപ്പറഞ്ഞവയിൽ ആദ്യ മുൻഗണന നൽകേണ്ട നിർദ്ദേശം ഏത് ?

a) 1 b) 2 c) 3 d) 4

3) മണ്ണുമായി ബന്ധപ്പെട്ട ചില പ്രസ്താവനകൾ ചുവടെ കൊടുക്കുന്നു.

a) മണ്ണിൽ ധാതുക്കൾ, ജലം, ജൈവ വസ്തുക്കൾ, വായു എന്നിവ അടങ്ങിയിരിക്കുന്നു.

b) ജൈവാംശം 5% ഉള്ള മണ്ണാണ് കൃഷിക്ക് ഏറ്റവും നല്ലത്.

c) ജൈവാംശം കൂടുതലുള്ള മണ്ണിൽ ജലാഗിരണ ശേഷി കുറവായിരിക്കും.

d) മേൽമണ്ണിനെ അപേക്ഷിച്ച് അടിമണ്ണിൽ ജൈവാംശം കുറവാണ്.

ഇതിൽ ഒരു പ്രസ്താവന തെറ്റാണ്. എതാണത് ?

1) a 2) b 3) c 4) d

4) രാസ കീടനാശിനികളുമായി ബന്ധപ്പെട്ട ചില പ്രസ്താവനകളാണ് ചുവടെ നൽകിയിട്ടുള്ളത്.

a) രാസ കീടനാശിനികൾ വിളവ് സംരക്ഷിക്കുന്നു

b) അവ സൂക്ഷ്മജീവികൾക്ക് ഹാനികരമാണ്

c) മണ്ണിരയെ നശിപ്പിക്കുന്നു

d) വിളവ് നശിപ്പിക്കുന്നു

1) എല്ലാ പ്രസ്താവനകളും ശരിയാണ്

2) എല്ലാ പ്രസ്താവനകളും തെറ്റാണ്

3) a, b, c പ്രസ്താവനകൾ ശരിയാണ്

4) b, c, d പ്രസ്താവനകൾ ശരിയാണ്

5) ചില കുടിവെള്ള സാമ്പിളുകളുടെ PH മൂല്യം പരിശോധിച്ചപ്പോൾ ലഭിച്ച ഫലം താഴെ കൊടുക്കുന്നു.
സാമ്പിൾ 1 - 6.7 സാമ്പിൾ 2-6.0
സാമ്പിൾ 3- 7.9 സാമ്പിൾ 4-7.2

താഴെ പറയുന്നവയിൽ ശരിയല്ലാത്ത നിഗമനം ഏത് ?

a) സാമ്പിൾ 1, 4 എന്നിവ മാത്രമാണ് കുടിവെള്ളമായി ഉപയോഗിക്കാൻ കഴിയുന്നത്

b) സാമ്പിൾ 4 മാത്രമാണ് കുടിക്കാൻ യോഗ്യമായത്

c) എല്ലാ സാമ്പിളുകളും കുടിവെള്ളമായി ഉപയോഗിക്കാം.

d) pH മൂല്യം 7 അല്ലാത്തതിനാൽ ഒരു സാമ്പിളും കുടിക്കാൻ ഉപയോഗിച്ചുകൂട.

6) താഴെ പറയുന്ന രോഗങ്ങളിൽ ഇ-കോളി ബാക്ടീരിയ മൂലം ഉണ്ടാകുന്നത് ഏത് ?

a) മഞ്ഞപ്പിത്തം

b) ഡയറിയ

c) ടൈഫോയ്ഡ്

d) വില്ലൻ ചുമ

7) ജല ശുദ്ധീകരണത്തിന് ഉപയോഗിക്കാത്ത വസ്തു താഴെ പറയുന്നവയിൽ ഏതാണ് ?

a) ക്ലോറിൻ

b) കരി

c) ആലം

d) സോഡിയം ക്ലോറൈഡ്

8) കിണറുകൾ അണുവിമുക്തമാക്കുന്നതിനായി ബ്ലീച്ചിംഗ് പൗഡർ ഉപയോഗിക്കുന്നു. ബ്ലീച്ചിംഗ് പൗഡറിലെ ഏത് വസ്തുവാണ് അണുക്കളെ നശിപ്പിക്കുന്നത് ?

a) കാൽഷ്യം ഓക്സൈഡ്

b) ചുണ്ണാമ്പ്

c) ക്ലോറിൻ

d) ആലം

9) അന്തരീക്ഷവായുവിൽ കാർബ്ബൺ ഡൈ ഓക്സൈഡ് എത്ര ശതമാനമാണ് ?

a) 20.9%

b) 0.04%

c) 1.0%

d) 3%

10) അന്തരീക്ഷത്തിൽ നൈട്രിക് ഓക്സൈഡ് ഉണ്ടാകുന്നതിന്റെ സ്രോതസ്സ് താഴെ പറയുന്നവയിൽ ഏതാണ്?

a) മഴ

b) കൽക്കരി കത്തിക്കുന്നത്

c) മണ്ണിൽ നിന്ന്

d) വാഹനങ്ങളിൽ നിന്ന്

11) രക്തത്തിന് ഓക്സിജനെ ആഗിരണം ചെയ്യാനുള്ള ശേഷികുറയ്ക്കുന്ന വിഷവാതകം ഏതാണ് ?

a) ക്ലോറിൻ

b) കാർബ്ബൺ മോണോക്സൈഡ്

c) സൾഫർ ഡൈ ഓക്സൈഡ്

d) നൈട്രിക് ഓക്സൈഡ്

12) അന്തരീക്ഷത്തിൽ കാർബ്ബൺ ഡൈ ഓക്സൈഡിന്റെ അളവ് കുറയ്ക്കുന്ന ഘടകം ഏത് ?

a) വൈദ്യുത വാഹനങ്ങൾ

b) വനവത്കരണം

c) പ്രകൃതിവാതകം ഉപയോഗിക്കുക

d) വിറകുപയോഗം

# ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി, എറണാകുളം

**Reg.No: ER 7/2012**

# USS EXAMINATION - FEBRUARY 2020
# MODEL QUESTIONS
# (PAPER -II) (PART -B)

## അധ്യായം 7 മർദ്ദം ദ്രാവകത്തിലും വാതകത്തിലും

1) അന്തരീക്ഷമർദ്ദം അളക്കാനുപയോഗിക്കുന്ന ബാരോമീറ്റർ കണ്ടുപിടിച്ച ശാസ്ത്രജ്ഞൻ

a) ഗലീലിയോ

b) ആർക്കമിഡീസ്

c) ഫാരഡെ

d) ടോറിസെല്ലി

2) ദ്രാവകങ്ങൾ ഒരു പാത്രത്തിൽ നിന്ന് മറ്റൊന്നിലേക്ക് കുഴലിലൂടെ കൈമാറുന്നതിന് സൈഫൺ ഉപയോഗിക്കാം.

ഇതിന്റെ പ്രവർത്തനം താഴെ പറയുന്നവയിൽ എന്തിനെ ആശ്രയിച്ചാണ് ?

a) ദ്രാവകമർദ്ദം

b) വായുമർദ്ദം

c) ദ്രാവക സാന്ദ്രത

d) താപനില

3) താഴെ പറയുന്നവയിൽ ബർണോളി തത്വത്തിന്റെ വിശദീകരണം ഏതാണ് ?

a) വായു വേഗത്തിൽ ചലിക്കുമ്പോൾ മർദ്ദം കൂടുന്നു.

b) വായു എല്ലാ ദിശയിലും മർദ്ദം പ്രയോഗിക്കുന്നു

c) വായു വേഗത്തിൽ ചലിക്കുമ്പോൾ മർദ്ദം കുറയുന്നു.

d) വായു പ്രവാഹം വേഗത്തിലാകുമ്പോൾ താപനില കുറയുന്നു.

4) ഭൂമിയുടെ ഉപരിതലത്തിൽ 5cm വ്യാസമുള്ള വീർപ്പിച്ച ബലൂണിന് 1 കി.മീറ്റർ ഉയരത്തിൽ ഉണ്ടാകുന്ന മാറ്റം.

a) വ്യാസം കൂടുന്നു

b) വ്യാസം കുറയുന്നു

c) വ്യത്യാസമില്ല

d) ബലൂൺ പൊട്ടുന്നു

5) താഴെ കൊടുത്തിരിക്കുന്ന ചിത്രങ്ങളിൽ വായു കുമിളകൾ നിരീക്ഷിച്ച് ശരിയായ ചിത്രീകരണം ഏതെന്ന് പറയുക



a) b) c) d)

6) താഴെ കാണുന്ന ചിത്രങ്ങളിൽ ശരിയേത് ?



a) b) c) d)

7) താഴെ പറയുന്നവയിൽ ബർണോളി തത്വം ഉപയോഗിക്കാത്ത സന്ദർഭം ഏതാണ് ?

a) വിമാനം പറക്കുന്നത്.

b) റോക്കറ്റിന്റെ സഞ്ചാരം

c) കാറുകളുടെ എയ്റോഡൈനാമിക് ഘടന

d) ജറ്റ് പമ്പുകൾ പ്രവർത്തിക്കുന്നത്.

# USS EXAMINATION - FEBRUARY 2020
# MODEL QUESTIONS
# (PAPER -II) (PART -B)

## അധ്യായം 8 പ്രാണവായുവും ജീവരക്തവും

1) ഉച്ഛ്വാസവായുവിലെയും നിശ്വാസവായുവിലെയും ഘടകങ്ങളിൽ മാറ്റമില്ലാത്തത് താഴെപറയുന്നവയിൽ ഏത് വാതകത്തിന്?

a) ഓക്സിജൻ b) നൈട്രജൻ

c) കാർബ്ബൺഡൈ ഓക്സൈഡ്

d) ജലബാഷ്പം

2) ശ്വാസകോശങ്ങളുടെ സങ്കോചവികാസം സാധ്യമാക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നത് താഴെ പറയുന്നവയിൽ ഏതാണ് ?

a) ആമാശയം b) നാസാദ്വാരം

c) ശ്വാസനാളം d) ഡയഫ്രം

3) തെളിഞ്ഞചുണ്ണാമ്പുവെള്ളത്തിലേക്ക് ഒരു ട്യൂബിലൂടെ ഊതിയാൽ പാൽനിറമാകുന്നത് ഏതു പദാർത്ഥം ഉണ്ടാകുന്നതുമൂലമാണ് ?

a) കാർബ്ബൺഡൈഓക്സൈഡ്

b) കാൽഷ്യം ഹൈഡ്രോക്സൈഡ്

c) ഓക്സിജൻ

d) കാൽഷ്യം കാർബ്ബണേറ്റ്

4) താഴെ പറയുന്നവയിൽ ശ്വാസകോശമുള്ള ജീവി ഏതാണ് ?

a) മത്സ്യം b) ഷഡ്പദങ്ങൾ

c) തവള d) അമീബ

5) സസ്യങ്ങളിലെ ശ്വാസനാവയവം ഏതാണ് ?

a) ഇല b) തൊലി

c) മുകുളം d) ആസ്യരന്ധ്രങ്ങൾ

6) താഴെ പറയുന്ന പ്രസ്താവനകളിൽ ഒന്ന് തെറ്റാണ്. ഏതാണത് ?

a) സസ്യങ്ങൾ ശ്വസനസമയത്ത് കാർബ്ബൺഡൈ ഓക്സൈഡ് വലിച്ചെടുക്കുന്നു

b) ജന്തുക്കൾ ശ്വസനത്തിന് ഓക്സിജൻ ഉപയോഗിക്കുന്നു

c) നിശ്വാസവായുവിൽ 4% കാർബ്ബൺഡൈ ഓക്സൈഡ് ഉണ്ട്.

d) സസ്യങ്ങൾ പ്രകാശസംശ്ലേഷണത്തിന്റെ ഭാഗമായി ഓക്സിജൻ പുറത്തുവിടുന്നു.

7) ആഹാര പദാർത്ഥങ്ങളിൽ നിന്ന് ഊർജ്ജം സ്വതന്ത്രമാക്കുന്നത് താഴെ പറയുന്നവയിൽ ഏതാണ്?

a) ഓക്സിജൻ

b) കാർബ്ബൺഡയോക്സൈഡ്

c) രക്തം

d) ശ്വാസകോശങ്ങൾ

8) രക്തത്തിന് ചുവപ്പുനിറം നൽകുന്ന ഹീമോഗ്ലോബിന്റെ ഉല്പാദനത്തിൽ പ്രധാന പങ്കുവഹിക്കുന്ന മൂലകം താഴെപറയുന്നവയിൽ ഏതാണ് ?

a) മാംഗനീസ് b) ചെമ്പ്

c) സോഡിയം d) ഇരുമ്പ്

9) രക്തത്തിലെ ഘടകങ്ങളിൽപെടാത്തത് ഏത് ?

a) പ്ലേറ്റ്ലറ്റുകൾ b) മജ്ജ

c) പ്ലാസ്മ c) ചുവന്ന രക്താണുക്കൾ

10) രക്തപര്യയന വ്യവസ്ഥയുടെ ഭാഗമല്ലാത്തത് ഏത് ?

a) ധമനികൾ b) സിരകൾ

c) ഹൃദയം d) ശ്വാസകോശം

## ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി, എറണാകുളം

**Reg.No: ER 7/2012**

# USS EXAMINATION - FEBRUARY 2020
# MODEL QUESTIONS
# (PAPER - II) (PART - B)
# അടിസ്ഥാനശാസ്ത്രം

## അധ്യായം 9 താപമൊഴുകുന്ന വഴികൾ

1) ചാലനം മൂലമുള്ള താപപ്രേഷണത്തിൽ സംഭവിക്കുന്നത് ..

a) തന്മാത്രകൾ അതിവേഗം ചലിക്കുന്നു.

b) തന്മാത്രകൾക്ക് സ്ഥാന മാറ്റം സംഭവിക്കുന്നു.

c) തന്മാത്രകൾ താപം സ്വീകരിച്ച് തൊട്ടടുത്ത തന്മാത്രകൾക്ക് കൈമാറുന്നു.

d) തന്മാത്രകൾ താപം ഉല്പാദിപ്പിക്കുന്നു.

2) ചാലനവുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിട്ടുള്ള പ്രസ്താവനകളിൽ തെറ്റേത് ?

a) എല്ലാ സുചാലകങ്ങളും ഒരേ അളവിലാണ് താപം പ്രേഷണം ചെയ്യുന്നത്.

b) ലോഹങ്ങൾ പൊതുവെ സൂചാലകങ്ങളാണ്

c) എല്ലാ ലോഹങ്ങളും ഒരേ അളവിലല്ല താപം പ്രേക്ഷണം ചെയ്യുന്നത്.

d) കുചാലകങ്ങൾ നേരിയ തോതിൽ താപം പ്രേഷണം ചെയ്യുന്നു.

3) സംവഹനവുമായി ബന്ധപ്പെട്ട ചില പ്രസ്താവനകൾ ചുവടെ കൊടുക്കുന്നു.

i) വാതകങ്ങളിലും ദ്രാവകങ്ങളിലും താപം പ്രേഷണം ചെയ്യപ്പെടുന്നത് സംവഹനം മൂലമാണ്.

ii) തന്മാത്രകളുടെ സ്ഥാനമാറ്റം മുഖേനയാണ് ഇവിടെ താപപ്രേഷണം നടക്കുന്നത്.

iii) സംവഹനത്തിൽ ചൂടുപിടിക്കുന്ന തന്മാത്രകൾ മുകളിലേക്ക് ഉയരുന്നു.

iv) സൂര്യനിൽ നിന്ന് താപം നമുക്ക് ലഭിക്കുന്നത് സംവഹനം വഴിയാണ്.

a) നാല് പ്രസ്താവനകളും ശരി

b) നാല് പ്രസ്താവനകളും തെറ്റ്

c) ആദ്യ പ്രസ്താവന ഒഴികെയുള്ളതെല്ലാം ശരി

d) അവസാനത്തെ പ്രസ്താവന മാത്രം തെറ്റ്

4) മാധ്യമത്തിന്റെ സഹായമില്ലാതെ താപം ഒരിടത്തു നിന്ന് മറ്റൊരിടത്തേക്ക് എത്തുന്ന രീതിയാണല്ലോ വികിരണം. താഴെ പറയുന്നവയിൽ വികിരണത്തിലൂടെ താപപ്രേഷണം നടക്കാത്തത് എവിടെ ?

a) കത്തുന്ന അടുപ്പിനു സമീപം നിന്നാൽ ചൂട് കിട്ടുന്നത്

b) തെളിഞ്ഞ ബൾബിനു സമീപം ചൂട് അനുഭവപ്പെടുന്നത്.

c) സൂര്യന്റെ ചൂട് നമുക്ക് അനുഭവപ്പെടുന്നത്.

d) വെള്ളം തിളക്കുന്നത്

5) ഒരു അലൂമിനിയപ്പാത്രത്തിലെ ചൂടുവെള്ളം അല്പ നേരത്തിനു ശേഷം തണുക്കുന്നത് താപനഷ്ടം സംഭവിക്കുന്നതുകൊണ്ടാണല്ലോ. താപനഷ്ടം സംഭവിക്കുന്നത് ഏതു വഴിയിലൂടെയാണ്?

a) സംവഹനം

b) ചാലനം

c) വികിരണം

d) മേൽപ്പറഞ്ഞ എല്ലാ വഴികളിലൂടെയും

6) താപം മൂലം വികാസം സംഭവിക്കാത്തത് ?

a) ദ്രാവകം

b) ഖരം

c) വാതകം

d) ഇവയൊന്നുമല്ല.

7) തെർമോമീറ്ററിൽ ഉപയോഗിക്കുന്ന വസ്തു താഴെ പറയുന്നവയിൽ ഏതാണ് ?

a) ഗാലിയം

b) ദ്രാവകഹീലിയം

c) മെർക്കുറി

d) ദ്രാവക നൈട്രജൻ

8) മുറികളിൽ സീലിംഗിനോട് ചേർന്ന് എയർ ഹോളുകൾ നിർമ്മിക്കുന്നതിന്റെ കാരണം

a) ഭിത്തിയുടെ ഉറപ്പിന്

b) ചൂടുമൂലം വികസിക്കുന്ന വായു പുറത്തു പോകുന്നതിന്

c) കാറ്റ് ലഭിക്കുന്നതിന്

d) വെളിച്ചം ലഭിക്കുന്നതിന്

9) കടൽക്കാറ്റുമായി ബന്ധപ്പെട്ട താഴെ പറയുന്ന പ്രസ്താവനകളിൽ തെറ്റേത് ?

a) പകൽ സമയത്താണ് കടൽക്കാറ്റുണ്ടാകുന്നത്

b) കടൽ വേഗം ചൂടുപിടിക്കുകയും വേഗം തണുക്കുകയും ചെയ്യുന്നു.

c) കരവേഗം ചൂടുപിടിക്കുകയും വേഗം തണുക്കുകയും ചെയ്യുന്നു.

d) രാത്രി കരക്കാറ്റുണ്ടാകുന്നു.

10) കാറ്റ് ഉണ്ടാകാൻ കാരണം താഴെ പറയുന്നവയിൽ എന്താണ് ?

a) ഇടിമിന്നൽ

b) മേഘങ്ങൾ

c) ഭൂമിയുടെ കറക്കം

d) മർദ്ദവ്യത്യാസം

11) കത്തിച്ചു വച്ച വിളക്കിന്റെ മുകൾഭാഗത്ത് വശങ്ങളിലേക്കാൾ ചൂട് കൂടുതലായിരിക്കും ഇതിനു കാരണം

a) സംവഹനം

b) ചാലനം

c) വികിരണം

d) ഇവയൊന്നുമല്ല

---

## ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി, എറണാകുളം

**Reg.No: ER 7/2012**

# USS EXAMINATION - FEBRUARY 2020
# MODEL QUESTIONS
# (PAPER -II) (PART -B)

## അധ്യായം 10 സുരക്ഷ ഭക്ഷണത്തിലും

1) നനവുള്ള ഭക്ഷ്യവസ്തുക്കൾ ഉണങ്ങിയവയെ അപേക്ഷിച്ച് വേഗം കേടാവുന്നതിന്റെ കാരണം

   a) ഉറുമ്പിന്റെ ആക്രമണം നനവുള്ള വസ്തുക്കളിൽ കൂടുതൽ

   b) നനവുള്ളതിനാൽ അപകടകരമായ വസ്തുക്കൾ പറ്റിപ്പിടിക്കുന്നു

   c) ഈർപ്പമുള്ളപ്പോൾ സൂക്ഷ്മജീവികളുടെ പ്രവർത്തനം കൂടുന്നു.

   d) നനവുള്ളവക്ക് ഭാരക്കൂടുതലുള്ളതിനാൽ പെട്ടെന്ന് അഴുകുന്നു.

2) സൂക്ഷ്മ ജീവികൾ പ്രവർത്തനനിരതമാകുന്നത് താഴെ പറയുന്നവയിൽ ഏതു സന്ദർഭത്തിൽ ?

   a) വളരെ താഴ്ന്ന താപനിലയിൽ

   b) വളരെ ഉയർന്ന താപനിലയിൽ

   c) മിതമായ താപനിലയിൽ

   d) ഏതു താപനിലയിലും

3) ഉപ്പുവെള്ളത്തിലിട്ട മാങ്ങ ചുരുങ്ങുന്നതിന്റെ കാരണം

   a) ഉപ്പുവെള്ളം മാങ്ങയെ ഞെരുക്കുന്നു.

   b) മാങ്ങയിലെ ജലാംശം ഉപ്പുവെള്ളത്തിലേക്ക് ഇറങ്ങുന്നു.

   c) സൂക്ഷ്മ ജീവികളുടെ പ്രവർത്തനം മൂലം

   d) ഉപ്പുവെള്ളം മാങ്ങയുടെ താപനില താഴ്ത്തുന്നു

4) ലൂയി പാസ്ചറുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ ഒന്ന് തെറ്റാണ്. ഏതാണത് ?

   a) അദ്ദേഹം ജനിച്ചത് ഫ്രാൻസിലാണ്

   b) ഗോവസൂരി പ്രയോഗം കണ്ടുപിടിച്ചത് അദ്ദേഹമാണ്.

   c) പേപ്പട്ടി വിഷത്തിന് മരുന്ന് കണ്ടെത്തിയ ശാസ്ത്രജ്ഞനാണ് അദ്ദേഹം

   d) പാൽ കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള മാർഗ്ഗം കണ്ടെത്തിയത് അദ്ദേഹമാണ്

5) പാസ്ചറൈസേഷൻ നടത്തുമ്പോൾ പാൽ കേടാകാതിരിക്കുന്നത് താഴെ പറയുന്നവയിൽ എന്തു കാരണത്താലാണ് ?

   a) $70^{\circ}C$ വരെ ചൂടാക്കുമ്പോൾ സൂക്ഷ്മജീവികൾ നശിക്കുന്നു

   b) പാൽ നന്നായി തണുപ്പിക്കുമ്പോൾ സൂക്ഷ്മജീവികൾ നശിക്കുന്നു

   c) കൂടുതൽ സമയം ചൂടാക്കുന്നതുകൊണ്ടാണ് സൂക്ഷ്മജീവികൾ നശിക്കുന്നത്

   d) പാസ്ചറൈസേഷനിൽ പെട്ടെന്നുള്ള താപവ്യത്യാസം മൂലം സൂക്ഷമജീവികളുടെ കോശസ്തരം പൊട്ടി അവ നശിക്കുന്നു.

6) താഴെ പറയുന്നവയിൽ പ്രിസർവേറ്റീവ് അല്ലാത്തത് ഏത് ?

   a) അമോണിയം ക്ലോറൈഡ്

   b) ഉപ്പുലായനി

   c) പഞ്ചാസാര ലായനി

   d) സോഡിയം ബൻസോയേറ്റ്

7) പാലിൽ മായം കണ്ടെത്താൻ രമ ചെയ്ത പരീക്ഷണം ഇതാ :- 5 ml പാൽ ഒരു ടെസ്റ്റ് ട്യൂബിൽ എടുത്ത് അതിലേക്ക് 2 തുള്ളി അയഡിൻ ലായനി ചേർത്തു. അപ്പോൾ ഇരുണ്ട നീലനിറം ഉണ്ടായി. എത്താവുന്ന നിഗമനം എന്താണ് ?

   a) പാലിൽ മായമുണ്ട്

   b) പാലിൽ കൂടുതൽ വെള്ളം ചേർത്തിട്ടുണ്ട്

   c) പാലിൽ അന്നജം കലർന്നിട്ടുണ്ട്.

   d) പാൽ ശുദ്ധമാണ്

8) ലാക്ടോമീറ്റർ താഴെ പറയുന്നവയിൽ എന്ത് ആവശ്യത്തിനാണ് ഉപയോഗിക്കുന്നത് ?

   a) വെള്ളത്തിലെ മാലിന്യം കാണാൻ

b) പാലിൽ ജലാംശം കാണാൻ

c) പാലിൽ മാലിന്യമുണ്ടോ എന്നറിയാൻ

d) പാലിൽ അന്നജമുണ്ടോ എന്നറിയാൻ

9) ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും സുരക്ഷക്ക് ആവശ്യമായ മുൻകരുതലുകൾ എടുക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ അടങ്ങിയ നിയമമാണ് ഫുഡ് സേഫ്ടി ആന്റ് സ്റ്റാൻഡേർഡ് ആക്ട്. ഈ നിയമം പ്രാബല്യത്തിൽ വന്നത് ഏത് വർഷം ?

a) 2005 b) 2006

c) 2010 d) 2011

10) ഭക്ഷ്യവസ്തുക്കൾക്ക് നിറം നൽകാൻ വിവിധയിനം രാസവസ്തുക്കൾ ഉപയോഗിക്കുന്നു. ചുവപ്പ് നിറം കിട്ടാൻ ചേർക്കുന്ന വസ്തു

a) എറിത്രോസിൻ

b) ടാർടാസിൻ

c) ഇൻഡിഗോ കാർമൈൻ

d) സോഡിയം ബൻസോയേറ്റ്

**ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി, എറണാകുളം**

**Reg.No: ER 7/2012**

# USS EXAMINATION - FEBRUARY 2020
# MODEL QUESTIONS
# (PAPER - II) (PART - B)
# അടിസ്ഥാനശാസ്ത്രം – ഉത്തരസൂചിക

## അധ്യായം 1 – മണ്ണിൽ പൊന്നുവിളയിക്കാം

| | | | | | |
|---|---|---|---|---|---|
| 1. (b) | 2. (b) | 3. (d) | 4. (a) | 5. (c) | 6. (b) |
| 7. (d) | 8. (d) | 9. (b) | 10. (d) | 11. (c) | 12. (a) |
| 13. (b) | 14. (c) | 15. (b) | | | |

## അധ്യായം 2 – പ്രകാശ വിസ്മയങ്ങൾ

| | | | | | |
|---|---|---|---|---|---|
| 1. (b) | 2. (d) | 3. (b) | 4. (d) | 5. (c) | 6. (a) |
| 7. (b) | 8. (b) | | | | |

## അധ്യായം 3 – ആസിഡും ആൽക്കലികളും

| | | | | | |
|---|---|---|---|---|---|
| 1. (a) | 2. (b) | 3. (d) | 4. (a) | 5. (d) | 6. (b) |
| 7. (b) | 8. (c) | 9. (c) | 10. (c) | 11. (c) | 12. (c) |
| 13. (a) | | | | | |

## അധ്യായം 4 – അന്നപഥത്തിലൂടെ

| | | | | | |
|---|---|---|---|---|---|
| 1. (a) | 2. (c) | 3. (c) | 4. (c) | 5. (a) | 6. (c) |
| 7. (c) | 8. (b) | 9. (d) | 10. (c) | 11. (d) | 12. (b) |

## അധ്യായം 5 – വൈദ്യുതി പ്രവഹിക്കുമ്പോൾ

| | | | | | |
|---|---|---|---|---|---|
| 1. (a) | 2. (d) | 3. (c) | 4. (d) | 5. (b) | 6. (a) |
| 7. (c) | 8. (d) | | | | |

## അധ്യായം 6 – നിർമ്മലമായ പ്രകൃതിക്കായി

| | | | | | |
|---|---|---|---|---|---|
| 1. (d) | 2. (c) | 3. (c) | 4. (3) | 5. (a) | 6. (b) |
| 7. (d) | 8. (c) | 9. (b) | 10. (d) | 11. (b) | 12. (b) |

## അധ്യായം 7 – മർദ്ദം ദ്രാവകത്തിലും വാതകത്തിലും

1. (d) 2. (b) 3. (c) 4. (a) 5. (b) 6. (a)
7. (b)

## അധ്യായം 8 – പ്രാണവായുവും ജീവരക്തവും

1. (b) 2. (d) 3. (d) 4. (c) 5. (d) 6. (a)
7. (a) 8. (d) 9. (b) 10. (d)

## അധ്യായം 9 – താപമൊഴുകുന്ന വഴികൾ

1. (c) 2. (a) 3. (d) 4. (d) 5. (d) 6. (d)
7. (c) 8. (b) 9. (b) 10. (d) 11. (a)

## അധ്യായം 10 – സുരക്ഷ ഭക്ഷണത്തിലും

1. (c) 2. (c) 3. (b) 4. (b) 5. (d) 6. (a)
7. (c) 8. (b) 9. (c) 10. (a)